# എ.യു.പി.എസ്. ആനമങ്ങാട്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആനമങ്ങാട് പ്രദേശത്ത് 1940ൽ സ്ഥാപിതമായ വിദ്യാലയമാണ് എ.യു.പി.എസ്, ആനമങ്ങാട്. ഈ വിദ്യാലയത്തിൽ അഞ്ചാം തരം മുതൽ ഏഴാം തരം വരെ ക്ലാസുകളാണ് പ്രവർത്തിക്കുന്നത്. 610 വിദ്യാർത്ഥികളും 22 ജീവനക്കാരും ഈ വിദ്യാലയത്തിലുണ്ട്. പെരിന്തൽമണ്ണ സബ്-ജില്ലയിൽ ഉൾപെടുന്ന ഈ വിദ്യാലയം സബ്-ജില്ലാ തലത്തിൽ നടക്കുന്ന കലാ, കായിക, ശാസ്ത്ര, ഗണിത, ഭാഷാ മത്സരങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്. ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ എൽ.പി. കായിക മത്സരം കൊല്ലം തോറും ഇവിടെ വെച്ചാണ് നടക്കുന്നത്. ആലിപ്പറമ്പ് പഞ്ചായത്തിലെ മികച്ച യു.പി. സ്കുളിനുള്ള ബഹുമതി ഈ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്.

### പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച് എന്ന് ഉറപ്പുവരുത്തും.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
* ഓരോ അക്കാദമിക മേഖലയിലും രൂപപ്പെടുന്ന പ്രവർത്തനങ്ങൾക്കായി പ്രവർത്തന കലണ്ടർ രൂപപ്പെടുത്തും.
* നല്ല ആരോഗ്യവും ശുചിത്വബോധമുള്ള ജനതയെ വാർത്തെടുക്കും.
* ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കും.

CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26

## അടിസ്ഥാന ശാസ്ത്രം.

### ആമുഖം:-

ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ തിരിച്ചറിയാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും ശാസ്ത്ര പഠനം സഹായിക്കുന്നു. പ്രപഞ്ചത്തേയും ജീവനെയും മനസ്സിലാക്കുന്നതിനും പ്രകൃതിനിയമങ്ങൾ അനാവരണം ചെയ്യുന്നതിലും മറ്റൊരു അന്വേഷണ പദ്ധതിയും ശാസ്ത്രത്തെപ്പോലെ വിജയിച്ചിട്ടില്ല. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും യുഗത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്രം മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്നു. കല്ലിന്റെ ഉപയോഗത്തിൽ നിന്ന് തുടങ്ങിയ ശാസ്ത്രപുരോഗതി ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കണ്ടുപിടുത്തം വരെ എത്തിനിൽക്കുന്നു. ശാസ്ത്ര പുരോഗതിക്കൊപ്പം മനുഷ്യസമൂഹവും മുന്നോട്ട് കുതിക്കുകയാണ്. കുട്ടികളുടെ സമഗ്രവികസനമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. ഇതിനുതകുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്.

### അവസ്ഥാ വിശകലനം.

- സമയ പരിമിതി, പ്രതികൂല കാലാവസ്ഥ എന്നിവമൂലം ശാസ്ത്രപഠനം അതിന്റെ മുഴുവൻ ലക്ഷ്യങ്ങളും പൂർത്തീകരിക്കുന്നില്ല.
- മുഴുവൻ കുട്ടികളെയും പരിഗണിച്ച് ദിനതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പൂർണമായും സാധിക്കാറില്ല.
- ശാസ്ത്ര സംബന്ധിയായ, പഠന പ്രവർത്തനങ്ങൾക്കും പാഠ്യേതരപ്രവർത്തനങ്ങൾക്കും ഉതകുന്ന സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നത് കുറവാണ്.
- Expert class കൾ ആസൂത്രണം ചെയ്യുന്നത് മുഴുവൻ നടത്താൻ സാധിക്കാറില്ല.

### ലക്ഷ്യങ്ങൾ:-

1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ, ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കൽ, നിരീക്ഷണം പരീക്ഷണം എന്നിവയിലൂടെ പുതിയ ആശയങ്ങൾ രൂപീകരിക്കൽ, നൂതന സാങ്കേതികവിദ്യകളുടെ

അവസരങ്ങൾ മനസ്സിലാക്കൽ എന്നിവയും ശാസ്ത്ര ലക്ഷ്യങ്ങളിൽ ചിലതാണ്.

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ക്ലാസ്. |
|---|---|---|---|---|---|
| ശാസ്ത്രീയ അവബോധം വളർത്തിയെടുക്കൽ | ചന്ദ്രനെത്തേടി | July | AR | Science club | V, VI, VII |
| ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ | 'വിസ്മയ ചുവര്' നിർമ്മിക്കൽ. | June | ശാസ്ത്ര അധ്യാപകർ | പി.ടി.എ. | V, VI, VII |
| ശാസ്ത്ര-തൊഴിൽ ഉദ്ഗ്രഥനം. | LED നിർമ്മാണ വർക്ക്ഷോപ്പ് | October | PMM, PN | പി.ടി.എ | VII |
| പ്രഥമ ശുശ്രൂഷ നിർവ്വഹണം | ജില്ലാ ഡോക്ടർമാരെ യൂണിറ്റുമായി സഹകരിച്ച് ഫസ്റ്റ് എയ്ഡ് ക്ലാസ്. | November | V.P.N, AR | | VII |
| ജ്യോതിശാസ്ത്രപരമായ അവഗാഹം വളർത്തിയെടുക്കൽ | വാനനിരീക്ഷണം. | January | PMM | | V VI VII |
| കൗമാര വിദ്യാഭ്യാസം | Expert class | February | AR | | V, VI, VII |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 മേഖല : യുപി അടിസ്ഥാനശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ക്ലാസ്. |
|---|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം. മനോഭാവം വളർത്തിയെടുക്കൽ. | ഓരോ ക്ലാസിനും ഗ്രോബാഗ് നൽകി തൈച്ചെടികൾ നടൽ | June-5 | VPN. | Science club | V, VI, VII |
| ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പ്രകൃതി നടത്തം. | June-July | AR. | | V |
| ആരോഗ്യ പോഷക മൂല്യമുള്ള ആഹാരം തിരഞ്ഞെടുക്കാനുള്ള കഴിവ് | ഫുഡ് ഫെസ്റ്റ്. | August | PN | | VI |
| ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഫീൽഡ് ട്രിപ്പ്. (സസ്യനഴ്സറി) | July | PMM | | VII |

CamScanner

# Academic Master Plan
## Maths

### ആമുഖം

മിക്ക കുട്ടികളും ആശങ്കയോടെ കാണുന്ന വിഷയമാണ് ഗണിതം. വിരസമായ ഗണിതപഠനപ്രക്രിയകളാണ് കുട്ടികൾക്ക് ഗണിതത്തോടുള്ള അനിഷ്ടത്തിന് കാരണം. പുതിയ പഠനതന്ത്രങ്ങളുടെ സഹായത്താൽ, നിത്യജീവിതവുമായി ബന്ധപ്പെടുത്തി, ദൃശ്യവൽക്കരണത്തിന്റെ സാന്നിധ്യത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ഗണിതം മധുരതരമാക്കാൻ കഴിയും. ഇതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. നിത്യജീവിതത്തിലെ ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രശ്നാപഗ്രഥനശേഷി, ചതുഷ്ക്രിയകളെക്കുറിച്ച് ഗഹനമായ അറിവ്, ഇവ അത്യന്താപേക്ഷിതമാണ്.

ഗണിതക്ലാസ്മുറികൾ ശിശുകേന്ദ്രീകൃതമാവണം, പ്രവർത്തനാധിഷ്ഠിതമാവണം, ജനാധിപത്യക്ലാസ്മുറികളുമാവണം. കുട്ടികൾക്ക് സ്വയം ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

### അവസ്ഥാവിശകലനം

- ഗണിതപഠനത്തിലെ നിലവിലെ അവസ്ഥകൾ വിശകലനം ചെയ്തപ്പോൾ കണ്ടെത്തിയ പ്രശ്നങ്ങൾ
- ഗണിതത്തോടുള്ള പേടി
- ചതുഷ്ക്രിയകൾ, പ്രത്യേകിച്ച് കിഴിക്കൽ, ഗുണനം, ഹരണം ഇവ അറിയാതിരിക്കൽ
- എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പുവരുത്താൻ ഗണിതാധ്യാപകർക്ക് സാധിക്കുന്നില്ല
- യുക്തിചിന്ത, മനക്കണക്ക് ഇവയിൽ പിന്നോക്കക്കാരാണ് കുട്ടികൾ
- ടേബിൾ പഠിക്കേണ്ട ശേഷി ആർജ്ജിക്കാതെ പിന്നോക്കക്കാരാവുന്നു.
- ഗണിതലാബ്, ലൈബ്രറി ഇവയുടെ അഭാവം.
- ഗണിതം മധുരതരമാക്കുന്ന games, ശില്പശാല, workshop ഇവ ഉണ്ടാവുന്നില്ല.

## പരിഹാരപ്രവർത്തനങ്ങൾ

- ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ചതുഷ്ക്രിയക്ക് പ്രാധാന്യം നൽകണം.
- Maths clinic പോലുള്ള പ്രവർത്തനങ്ങൾ SSG കൂടി plan ചെയ്ത് നടത്തണം
- ക്ലാസ് തലത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തി എല്ലാ കുട്ടികളെയും ഗണിതാഭിരുചിയുള്ളവരാക്കണം.
(ഗണിതനിഘണ്ടു, വായനാക്കാർഡ്, സെമിനാർ, വളരുന്ന ഗണിതചാർട്ട്, പതിപ്പ് നിർമ്മാണം, Reverse Quiz, ICT, ഗണിതമാസിക, Projectകൾ, games തുടങ്ങിയ പ്രവർത്തനങ്ങൾ)
- ശേഷികൾക്ക് കൃത്യമായ പാഠാസൂത്രണം, നേടിയെടുക്കാവുന്ന ശേഷികൾ ക്ലാസ്തല അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ക്രമേണ പരിഹാരമാർഗങ്ങൾ ലഭ്യമാക്കാം

അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | class |
|---|---|---|---|---|---|
| (1) ഒരു അക്കാദമിക് വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ചിട്ടയായി ക്രോഡീകരിക്കൽ, നടപ്പിൽ വരുത്തൽ | * ഗണിതക്ലബ് ഉദ്ഘാടനം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ. | | | | |
| | SSG ചേർന്ന് ഗണിത കലണ്ടർ തയ്യാറാക്കുന്നു. | June | SP. | maths club | |
| | ക്ലബ് ഉദ്ഘാടനം. ഗണിതപാർലമെന്റ് | | KKS. | Rs 5000/. | |
| | ഗണിതപ്രശ്നോത്തരി | ഓരോ മാസവും. | | | V, VI, VII. |
| | ഗണിതനിഘണ്ടു Reading card | June–March. | SSG. | | |
| | ഗണിത അസംബ്ലി | Aug, November | NPA NPM. | | |
| | | January. | | | |
| | maths clinic | June September December February. | SSG. | | |
| | ഗണിതപ്രതിഭകളെ കണ്ടെത്തൽ ആദരിക്കൽ | March. | SSG. | | |
| | ഗണിതസെമിനാർ | August | | | |
| | ഗണിതമാസിക | | | | |
| | ഗണിതശാസ്ത്രമേള | september | ALR. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | class |
|---|---|---|---|---|---|
| 2) ക്ലാസ് തലത്തിൽ നേടിയെടുക്കേണ്ട അടിസ്ഥാനശേഷി ഉറപ്പിക്കൽ | 5,6,7 ക്ലാസുകളിലെ കുട്ടികളുടെ ഗണിതനിലവാരം അറിയാൻ ആവശ്യമായ tool തയ്യാറാക്കി Pre-Test. തുടർന്ന് 5,6,7 ക്ലാസുകൾക്ക് Maths clinic കൾ ആരംഭിക്കുന്നു. ചതുഷ്ക്രിയ, ഗണിതവായന, ക്ലോക്ക്, ഇവയിൽ പ്രയാസപ്പെടുന്ന കുട്ടികളെ തെരഞ്ഞെടുത്ത് കൃത്യമായ module അനുസരിച്ച് ക്ലാസിലെ മിടുക്കരായ Maths Doctors പരിഹാരമാർഗം നൽകുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പ്രവർത്തനം ഓരോ മാസവും 20-ാം തിയതി Review നടത്തുന്നു. worksheet കൾ ഉപയോഗിക്കാം. Online group വഴിയും വീട്ടിലെ സാഹചര്യങ്ങൾ വഴിയും പ്രവർത്തനം ഗംഭീരമാക്കുന്നു. | June മുതൽ March വരെ. | Maths teachers കുട്ടികൾ | 2000/ | 5,6,7 |
| 3) ഗണിതക്ലാസുകളിൽ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തന പദ്ധതികൾ ഉൾപ്പെടുത്തി വിരസത ഒഴിവാക്കി ഗണിതത്തിലെ കേമൻമാരാക്കുക. | • ഗണിതക്ലാസുകൾ പ്രവർത്തനാധിഷ്ഠിതമാക്കുന്നു. ഗണിതക്ലബ് ഒരുക്കുന്നു. ഗണിതശാസ്ത്രജ്ഞർ – വിവരശേഖരണം വായനാകാർഡ്. നിർമ്മിച്ചു കൊണ്ട് കുട്ടികൾക്കും ടാൻഗ്രാം, ഒറിഗാമി ശില്പശാല, ജ്യാമിതീയ ചാർട്ട് മത്സരം. | | SRG maths | 1000/ | 5,6,7. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സോഷ്യൽ സയൻസ്

### ആമുഖം

സാമൂഹ്യമാറ്റങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകാനും, ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നടത്താൻ പ്രാപ്തരായ വ്യക്തികളെ രൂപപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയാണ് സാമൂഹ്യശാസ്ത്രം സ്കൂളുകളിൽ പഠനവിഷയമാവുന്നത്. കുട്ടിയുടെ സമഗ്രവികസനമാണ് ഗുണമേന്മവിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. ഇതിനുതകുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. സാമൂഹ്യ പ്രശ്നങ്ങളോട് പ്രതികരിക്കാനും, സമൂഹത്തിൽ മാറ്റങ്ങൾ വരുത്താനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവാനും ഈ കാലയളവിൽ സാധിക്കുന്നു.

### അവസ്ഥാവിശകലനം

× സമയപരിമിതി മൂലം സാമൂഹ്യശാസ്ത്ര പഠനം അതിന്റെ എല്ലാലക്ഷ്യങ്ങളും പൂർത്തീകരിക്കുന്നില്ല.

× ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, പ്രദേശങ്ങൾ എന്നിവ സന്ദർശിക്കുന്നത് കുറവാണ്.

× എല്ലാ കുട്ടികളെയും പരിഗണിച്ച് ദിനാചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.

### ലക്ഷ്യങ്ങൾ

സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കുക.

സമൂഹാവബോധമുള്ള വ്യക്തികളായി വളരാൻ കുട്ടികളെ പ്രാപ്തരാക്കുക.

CS CamScanner

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങൾ സന്ദർശിക്കുക [V, VI, VII] | ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കുന്നു<br>-> യാത്രാ തീയതികൾ തീരുമാനിച്ച് യാത്രകൾ സംഘടിപ്പിക്കുന്നു.<br>-> യാത്രാവിവരണം തയ്യാറാക്കുന്നു. | ഒരു തവണ | SS club | |
| വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങൾ, റോഡ് സുരക്ഷ, ലഹരി എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. [V] | SS ക്ലബ്ബിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | SS club | |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ [V, VI, VII] | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ ഒരുക്കൽ | | SS അധ്യാപകർ | |

CamScanner

SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വാ[illegible] വിലയിരുത്തൽ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം<br>VI, VII | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | ആഴ്ചയിൽ ഒരു ദിവസം - വർഷം മുഴുവനും | S S Club | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തിയെടുക്കുന്നതിന്.<br>VII | സ്കൂൾ ഇലക്ഷൻ, സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്, സത്യപ്രതിജ്ഞ<br>· ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ജൂൺ, ജൂലൈ<br>അക്കാദമികവർഷം | S S club | |
| ചെറുധാന്യങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തൽ<br>V | ചെറുധാന്യങ്ങൾ ശേഖരിച്ച് ചാർട്ടിൽ ഒട്ടിച്ച് ലഘുവിവരണത്തോടെയുള്ള അവതരണം | | SS അധ്യാപകർ | |
| ആരോഗ്യത്തിനായി പോഷകസമൃദ്ധമായ ഭക്ഷണം – എന്ന ധാരണ വളർത്തുക.<br>V | പോഷകാഹാരങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേള ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുക. | ഒരു ദിവസം | SS അധ്യാപകർ | |

| ലക്ഷ്യം | SOCIAL SCIENCE<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | വില |
|---|---|---|---|---|
| CWSN കുട്ടികളെ പരിഗണിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>V, VI, VII | ഗൃഹസന്ദർശനം | | | |

# ACADEMIC MASTER PLAN.

## STANDARD - VI

## ENGLISH.

**Units Covered.**

1). Of Many Hues.
2) Towards a New Horizon.
3) Embracing Differences.

**Learning OutComes.**

- Reading comprehension of different texts.
- Understand values like diversity, determination and inclusiveness.
- Improve vocabulary and use expressions appropriately.
- Write descriptions, letters, speeches, and imaginative texts.
- Use grammar in meaningful contexts.
- Engage in role play, discussion and group activities.

CS CamScanner

In Specific.

Unit 1 : Of Many Hues.

Theme: Unity in Diversity.

Main Ideas: Cultural Identity.
Respecting differences
Celebrating diversity.

Focus Skills -

- Reading for ideas.
- Descriptive Writing
- Vocabulary words related to diversity, colour and identity.
- Grammar - Adjectives; Degrees of comparison.

Activities.

- Create a Word Web.
- Preparing Write - ups.
- Writing Acrostic. poem.
- Role play.
- Preparing Collage / Chart

CS CamScanner

Assessment.

- Vocabulary test,
Descriptive paragraph
Group presentation.

Unit : 2 :

Towards a New Horizon!

Theme : Determination and Progress.

Main Ideas: Hard work,
Over Coming Obstacles,
Futuristic thinking.

Focus Skills : Listening to narratives.
Writing messages, Diary
~~diary~~ entries.
Grammar : Tenses (Past,
Present Perfect)
Connectors.

Activities. - Diary of a student.
- Group discussion.
- Poster Making.
- Short skit.

CamScanner

Assessment : Diary Writing
Group discussion
Grammar Worksheets.

Unit : 3.

Embracing Differences.

Theme : Inclusion and Empathy.

Main Ideas : Accepting others; kindness, helping those in need

Focus Skills : Story reading and empathy building.
Narrative and letter Writing
Grammar: Modals,
Reported speech.

Activities : Role play.
Preparation of a speech
Letter Writing
Word Map.

CamScanner

**Assessment :** Speech evaluation
letter Writing
Story telling task

## Suggested Weekly Plan - 16 Weeks

| Weeks. | Unit | Focus Areas |
|---|---|---|
| 1 - 6. | Of Many Hues. | Reading vocabulary, Creative Writing. |
| 6 - 10. | Towards a New Horizon | Listening, Diary, Future goals. |
| 11 - 16. | Embracing Differences. | Empathy, Inclusion, Speech Writing. |

**Assessment Tools.**

- Diagnostic and Formative Assessment.
- Portfolio of student work.
- Rubrics for Writing, Speaking
- Peer and self assessment.
- Teacher observation and feedback.

CS CamScanner

# अकादमिक मास्टर प्लान U.P हिंदी 2025-26

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാകുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | പ്രതീക്ഷിക്കുന്ന നേട്ടം. |
|---|---|---|---|---|---|
| 1 | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | ജൂൺ | 7, 6 | ഹിന്ദി അധ്യാപകൻ | എല്ലാകുട്ടികൾക്കും ഹിന്ദി സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും ആശയ വിനിമയം നടത്തുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN, Slow Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2 | കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് [അഞ്ചാം ക്ലാസിലെ കുട്ടികൾക്ക് പേര്, സ്കൂൾ, ക്ലാസ്, വിലാസം ഇവ ഉൾപ്പെടുത്തിയ കാർഡ്] ഹിന്ദി പഠനത്തിന് മാത്ര... | ജൂൺ-ജൂലൈ | 5 | ഹിന്ദി അധ്യാപകൻ | अपने बारे में लिखना, प्रोफाइल तैयार करना, विविध प्रकार के नाम पहचानना। |

CamScanner

| | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| 3 | ഹിന്ദി നോട്ടുപുസ്തകം സമഗ്രവും ആകർഷകവുമാക്കൽ, ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ [പാഠഭാഗങ്ങൾ ICT സഹായത്തോടെ ലളിതമാക്കുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പിന്തുണയോടെ കുട്ടികളുടെ നോട്ട്പുസ്തകം ആകർഷകമാക്കുന്നു.] | ജൂൺ-ഫെബ്രുവരി | 6, 7 | ഹിന്ദി അധ്യാപകർ | हिंदी पढ़ने में रुचि बढ़ते हैं। आसानी से पाठभाग का आशय समझ लेता है। हिन्दी लिखने में रुचि बढ़ते हैं। |
| 4 | ഹിന്ദി സംസാരിക്കാനുള്ള പരിശീലനം പഠനസമയം നഷ്ടപ്പെടുത്താതെ ഹിന്ദി സംസാരിക്കാനുള്ള പരിശീലനം നൽകുന്നു. ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. | ജൂൺ-ഫെബ്രുവരി | 5, 6, 7 | ഹിന്ദി അധ്യാപകർ | हिंदी पढ़ने में रुचि बढ़ते हैं। बोलने की क्षमता बढ़ता है। |
| 5 | ഹിന്ദി ക്ലബ് രൂപീകരണം, ദിനാചരണങ്ങൾ, ഹിന്ദി അസംബ്ലി നടത്തുക. ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആചരിക്കുന്നു. | ജൂൺ-ഫെബ്രുവരി | 6, 7 | ഹിന്ദി അധ്യാപകർ | दिनों की जानकारी, पोस्टर तैयार करना, संदेश वाक्य लिखना। |
| 6 | നിരന്തര മൂല്യനിർണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം | ജൂലൈ-മാർച്ച് | 5, 6, 7 | ഹിന്ദി അധ്യാപകർ | सतत एवं समग्र मूल्यांकन से बच्चों की अध्ययन की जांच समय समय पर कर सकते हैं। हर छात्र की प्रगति जान सकते हैं |
| 7. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവ കൂടെ ദൈനംദിന പ്രയോഗം. | ജൂൺ-മാർച്ച് | 5, 6, 7 | ഹിന്ദി അധ്യാപകർ | बच्चों में हिन्दी पढ़ने की रुची बढ़ाना। हिन्दी में महीना, हफ्ता, गिनती आदि की जानकारी प्राप्त कराना। |

CS CamScanner

أي ، يو ، بي، أس. أنامنغاد

# الخطة الأكاديميةالرئيسية ٢٠٢٥- ٢٦

## المادة: اللغة العربية

## اسم المشروع: *العربية للحياةاليومية*

## الفترة: يونيو – مارس الصفّ: ٥، ٦، ٧

---

### تحليل الوضع / تحليل الحالة:

1. لم يكتسب ٢٠٪ من الطلاب المهارات الأساسية في اللغة العربية.
2. نتيجة لجائحة كوفيد-١٩، لم يتمكن الطلاب من اكتساب المهارات اللغوية المطلوبة من الصفوف الافتراضية.
3. يواجه الطلاب صعوبات في تعلم لغة جديدة تختلف عن لغتهم الأم.
4. يخاف الطلاب من التعبير عن أفكارهم باللغة العربية.
5. هناك نقص في المفردات الأساسية اللازمة للتواصل الفعال.

---

### الأهداف:

1. رفع المستوى الأكاديمي للمدرسة.
2. سد الفجوات التعليمية الناتجة عن الظروف السابقة.
3. إيصال مفاهيم الدروس باللغة العربية نفسها.
4. تحويل الصف إلى مختبر لغوي تفاعلي.
5. اكتساب اللغة من خلال أساليب ترفيهية ممتعة.
6. ربط اللغة العربية بالحياة اليومية للطلاب.

---

### النتائج المتوقعة:

1. يصبح الطلاب قادرين على التعبير عن أفكارهم بسهولة.
2. يسهل تعلم اللغة العربية على الطلاب.
3. يتم سد الفجوات التعليمية السابقة.
4. يُعتمد التواصل بين المعلم والطلاب على اللغة العربية.
5. يحب الطلاب اللغة العربية ويقبلون على تعلمها.
6. يتمكن الطلاب الضعفاء أكاديميًا من متابعة التعلم بسهولة.
7. يُمكن للطلاب استخدام المعرفة المكتسبة في الحياة العملية، وليس فقط في الامتحانات.

CS CamScanner

8.تُشرح دروس اللغة العربية باللغة العربية تدريجيًا.

9.تُنمي المهارات الإبداعية لدى الطلاب مثل الرسم، الإلقاء، والغناء.

| النشاط | الآلية / العملية | الشهر | المسؤول | الميزانية | النتائج المتوقعة |
|---|---|---|---|---|---|
| إنشاء مجموعة واتساب | •إنشاء مجموعة واتساب لأولياء أمور طلاب اللغة العربية.<br>•مشاركة معلومات التعلم الجديدة مع أولياء الأمور.<br>•تشجيعهم على دعم الطلاب وتقديم المساعدة. | يونيو | • معلمو اللغة العربية،<br>• الفائزون في نادي "ألف" على مستوى الصف. | | جمعنا أولياء أمور طلاب اللغة العربية في مجموعة واحدة. |
| يتم استخدام الوسائل السمعية والبصرية في الصفوف. | يتم جمع جميع الدروس في شكل رقمي وتحويلها إلى ملفات PDF، وتُستخدم هذه الملفات في التدريس وتُشارك في مجموعات الصف على واتساب. | يونيو - مارس | معلمو اللغة العربية | | يمكن للطلاب الذين لم يحضروا الصفوف متابعة الدروس من المنزل، تمامًا مثل أولئك الذين حضروا. ويمكن للطلاب وأولياء الأمور مشاهدة الدروس لاحقًا أيضًا. |
| زيادة المفردات | • تُدرّس الكلمات المتعلقة بالحياة اليومية مصنفة.<br>• تُجهّز نماذج وصور للأشياء. | | • معلمو اللغة العربية،<br>• نادي الأليف منسقو الصفوف | | يتم تبسيط الدروس |

CamScanner

| | | | | | |
|---|---|---|---|---|---|
| التجميع | • يتم تقسيم الطلاب إلى مجموعات مختلفة.<br>• يُمنح كل طالب اسم مختلف ينتمي إلى نفس الفئة.<br>• يُعدّ كل عضو في المجموعة ورقة A4 تحتوي على هذه العناصر مع الصور، وتُعلّق في الصف.<br>• يتحول الصف إلى مختبر لغوي (Language Lab). | في أوائل كل شهر | معلمو اللغة العربية | | • كل طالب يشارك في النشاط<br>• .تتحسن مهارة الرسم لدى الطلاب.<br>• تظهر أفكار جديدة. |
| تدريس الأساليب | • يتم تعريف الطلاب بالأساليب المستخدمة في المحادثة اليومية.<br>• يتم عرض كل أسلوب على لوحة الإعلانات يوميًا. يقوم منسقو الصف بكتابته وعرضه في الصف.<br>• يأتي المعلم إلى الصف ويُعلّم كيفية استخدام هذا الأسلوب. | أغسطس | نادي الأليف منسقو الصفوف | | يتعلم الطلاب الأساليب والتعابير اللازمة للتواصل. ويستطيعون تطبيقها في حياتهم اليومية. |
| تدريب على المحادثة | • يُقدّم الطلاب محادثات قصيرة في الصف باستخدام الأساليب التي فهموها.<br>• تُنظّم مسابقات على مستوى المجموعات.<br>• يُمنَح جائزة لأفضل عرض تقديمي. | يناير | معلمو اللغة العربية | | تتحسن مهارات الاستماع والتحدث لدى الأطفال |

| | | | | | |
|---|---|---|---|---|---|
| تمثيل الأدوار | يتم تقديم درس أو أي محتوى آخر على شكل لعب أدوار باستخدام الطلاب الذين تم اختيارهم من مسابقة المحادثة | فبراير | معلمو اللغة العربية | | يتمكن الطلاب المتأخرون دراسياً من فهم الأفكار من خلال مشاهدة لعب الأدوار |
| الاختبار النهائي | يُجرى الاختبار باستخدام أوراق العمل وغيرها من الوسائل. | فبرايز | معلمو اللغة العربية | | يمكن إدراك مزايا وعيوب المشروع |
| التقييم | • يُقيِّم المعلم كل طالب على شكل مقابلة.<br>• يُقدِّم الإرشادات والنصائح اللازمة. | مارس | معلمو اللغة العربية | | يُقيَّم الطلاب تقييماً فردياً |

CS CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ
2025-26

## മലയാളം

### ആമുഖം

മലയാളം.... നമ്മുടെ മാതൃഭാഷ. നമ്മൾ സംസാരിക്കുന്ന ഭാഷ, വികാര വിചാരങ്ങൾ പ്രകടിപ്പിക്കുന്ന ഭാഷ. പക്ഷേ അർഹിക്കുന്ന പ്രാധാന്യം നാം ഭാഷയ്ക്ക് നൽകുന്നുണ്ടോ? ഭാഷാ പൂർണ്ണമായ ശേഷികൾ ആർജ്ജിക്കാൻ കഴിയാത്ത പഠിതാക്കൾ വിദ്യാലയങ്ങളിൽ ധാരാളം ഉണ്ട്. ഇവരെ ലക്ഷ്യം നേടാൻ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം

### അവസ്ഥാവിശകലനം

എഴുതാനും വായിക്കാനും അറിയുന്ന കുട്ടികൾ തന്നെ അക്ഷരത്തെറ്റുകൾ വരുത്തുകയും ചിഹ്നങ്ങളുടെ പ്രയോഗം തെറ്റിക്കുകയും ചെയ്യുന്നു.

പുസ്തകങ്ങൾ വായിക്കുന്നതിലുള്ള കുറവു മൂലം ഭാഷാ പ്രയോഗശേഷിയിൽ കുറവു കാണുന്നു.

### ലക്ഷ്യങ്ങൾ

അക്ഷരജ്ഞാനം ഇല്ലാത്തവരിൽ അത് ഉറപ്പിക്കുക.

ഭാഷാപരവും, സർഗാത്മക പരവുമായ രചനകൾക്ക് അവസരം ഒരുക്കുക.

CS CamScanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ കൈവരിച്ചിട്ടുള്ള ഭാഷാശേഷികൾ തിരിച്ചറിയുക V | അടിസ്ഥാന ഭാഷാ ശേഷി പരിശോധന<br>കൈത്താങ്ങ് നൽകുന്ന പ്രവർത്തനങ്ങൾ | ജൂൺ | മലയാളം അധ്യാപകർ | |
| മലയാളവുമായി ബന്ധപ്പെടുത്തി ആകർഷകമായ പഠനാന്തരീക്ഷം ഒരുക്കി_ സാഹിത്യങ്ങൾ പരിചയപ്പെടുത്തൽ V, VI, VII | ക്ലാസ്സിൽ വായനാമൂല ഒരുക്കൽ<br>ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ സജ്ജീകരിച്ച പുസ്തകങ്ങൾ വായിക്കുക<br>വിവിധ വ്യവഹാര രൂപങ്ങളായി പ്രകടിപ്പിക്കുക | വർഷം മുഴുവൻ | മലയാളം അധ്യാപകർ | |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ VII | വായിച്ചറിഞ്ഞ ആശയങ്ങളെ വിവിധ സർഗാത്മക രചനകളാക്കി മാറ്റുക. | പ്രതിമാസം | മലയാളം ക്ലബ്ബ് | |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വ്യത്യസ്ത സാഹിത്യ മേഖലകളുടെ ഉയർന്ന തലങ്ങളെ കൂടുതൽ അറിയുക. VI, VII | വിവിധ ഭാഷാശേഷിക്ക് ഉതകുന്ന ശില്പശാലകൾ സംഘടിപ്പിക്കുക | | മലയാളം ക്ലബ്ബ് | |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. V, VI, VII | വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ വായനക്ക് അവസരമൊരുക്കുക. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക. V, VI, VII | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ എന്നിവ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | | മലയാളം അധ്യാപകർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. V, VI, VII | ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കുക. | വർഷം മുഴുവനും | മലയാളം അധ്യാപകർ | |

CamScanner

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26

School: A UP School Anamangad

Name of teacher: Fathimath Thasni

CamScanner

ആമുഖം :-

വിദ്യാലയത്തിൽ ഉർദു പഠനം ആരംഭിക്കുന്നത് അഞ്ചാംതരം മുതലാണ്. ആദ്യമായി പഠിക്കുന്ന ഭാഷയായതിനാൽ കൂടുതൽ ശ്രദ്ധ അർഹിക്കുന്നു ഉർദു പഠനം. നിരവധി സാഹിത്യകൃതിയുള്ള ഭാഷയാണ് ഉർദു.

പാഴ്സി, അറബി, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി എന്നീ ഭാഷകളുടെ സമ്മിശ്രണം ഉർദു ഭാഷയിൽ ദർശിക്കാം.

5-ാം തരം മുതൽ 7-ാം തരം വരെ UP തലത്തിൽ ഉർദു ഭാഷയെ പൂർണമായി പരിചയപ്പെടുത്തേണ്ടതാണ്. ഇത് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ലക്ഷ്യമാക്കുന്നു.

ലക്ഷ്യങ്ങൾ :-

- ഉർദു പദസമ്പത്ത് വർധിപ്പിക്കുക
- പിന്നോക്കക്കാരെ കണ്ടെത്തുക
- പരിഹാരബോധന പ്രക്രിയകൾ നടപ്പാക്കുക
- ഉർദു സാഹിത്യം, കവിതകൾ എന്നിവ പരിചയപ്പെടുത്തുക.
- ആശയവിനിമയം - ഉർദുവിൽ സാധ്യമാക്കുക.

അവസ്ഥ വിശകലനം :-

- 10% കുട്ടികൾ പഠന പിന്നോക്കാവസ്ഥയിലുള്ള അക്ഷരങ്ങൾ തിരിച്ചറിയാത്ത കുട്ടികളുണ്ട്. ഇവർക്കായി വായന, ലേഖനം എന്നിവയിൽ കൂടുതൽ പരിശീലനം അത്യാവശ്യമാണ്.
- മുന്നോക്കക്കാരായ കുട്ടികൾക്കായി ക്വിസ്സ്, പദകേളി, കൈയെഴുത്ത് മാസികാ നിർമ്മാണം, സ്റ്റേജ് പ്രോഗ്രാം എന്നിവയും ആവശ്യമാണ്.

അക്കാദമിക് കാഴ്ചപ്പാട് രൂപീകരിക്കൽ :-

- Pre test നടത്തി അക്ഷരമാല അറിയാത്തവരെ കണ്ടെത്തും.
- പരിശീലനം നൽകും - വായനയിലും എഴുത്തിലും
- ഇതിനായി വായനാ കാർഡ്, Animation സാധ്യത ICT സാധ്യത എന്നിവ പ്രയോജനപ്പെടുത്തും.

CamScanner

| മാസം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജൂൺ - ആഗസ്റ്റ് | Pre test നടത്തുന്നു. ഉർദു എഴുതാനും വായിക്കാനും അറിയാത്തവരെ കണ്ടെത്തുന്നു. അക്ഷരങ്ങൾ പഠിപ്പിക്കുന്നു. | |
| ആഗസ്റ്റ് - ഒക്ടോബർ | Computer സഹായത്താൽ അക്ഷരങ്ങൾ വാക്കുകൾ എന്നിവ പഠിപ്പിക്കുന്നു. ഉർദു കവിതകൾ ഹൃദിസ്ഥമാക്കുന്നു. ചിത്രരചനയിലേർപ്പെടുന്നു. | |
| ഒക്ടോബർ - ഡിസംബർ | ലളിതമായ വാചകനിർമ്മാണം, പദകേളിയിലേർപ്പെടുന്നു. ലഘുകുറിപ്പ് തയ്യാറാക്കുന്നു. സാഹിത്യം - പരിചയപ്പെടുത്തുന്നു. ലഘുപ്രസംഗങ്ങൾ അവതരിപ്പിക്കുന്നു. | |
| ഡിസംബർ - ഫെബ്രുവരി | ഉർദുവിലൂടെ ആശയവിനിമയം, പതിപ്പ് നിർമ്മാണം നടത്തുന്നു. ഉർദുപ്രസംഗങ്ങൾ അവതരണം, ബാലസഭ - ഉർദു മേള നടത്തുന്നു. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സംസ്കൃതം

സംസ്കൃതം ഗ്രന്ഥങ്ങൾ, ബാലകഥകൾ, കവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ, വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ സംസ്കൃത അസംബ്ലി അവതരിപ്പിക്കൽ സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ, സംസ്കൃത സംഭാഷണ പാടവം മെച്ചപ്പെടുത്താനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ, സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, USS പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവക്ക് പ്രത്യേക പരിശീലനം കൊടുക്കൽ, വിക്ടേഴ്സ് ചാനൽ സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ എന്നിവയാണ് പൊതുവായി ഈ വർഷം 5, 6, 7, ക്ലാസുകളിൽ സംസ്കൃത വിഭാഗം വിഭാവനം ചെയ്യുന്നത്.

CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ class - 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • അക്ഷരങ്ങൾ തിരിച്ചറിയുകയും എഴുതുവാനും വായിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കൽ | • പാട്ടിലൂടെയും കഥയിലൂടെയും ഭാഷയെ അറിയൽ | ജൂൺ മുതൽ മാർച്ച് വരെ. | ചാർട്ട്, കളർ പെൻസിൽ |
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കുക | • പല വർണ്ണങ്ങളിൽ തീർത്ത അക്ഷരങ്ങളുടെ ലേഖനം.<br>• നിത്യോപയോഗ വസ്തുക്കളുടെയും പ്രദർശനവും വിവരണവും. | | വിവിധ പുസ്തകങ്ങൾ<br>ICT |
| • വാക്കുകളുടെയും വാചകങ്ങളുടെയും അർത്ഥം മനസിലാക്കൽ | • കഥ പറയൽ<br>• കഥാ രചന | | |
| • ചുറ്റുപാടും ഉള്ള വസ്തുക്കളുടെയും നിത്യോപയോഗ വസ്തുക്കളുടെയും നാമം മനസിലാക്കൽ | | | |
| • സ്വന്തമായി ചെറിയ വാചകങ്ങൾ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കൽ. | | | |

CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 6

| മുഖ്യ ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | • അക്ഷരമരം നിർമിക്കൽ | ജൂൺ മുതൽ | ചാർട്ട് |
| | • വസ്തുക്കളുടെ പേരോടു കൂടിയുള്ള പ്രദർശനം. | മാർച്ച് വരെ | കട്ട്ഔട്ട്സ് |
| • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | • ക്ലാസിൽ സംസ്കൃതത്തിൽ സംസാരിക്കാൻ പ്രേരിപ്പിക്കുക. | | കഥ, കവിത പുസ്തകങ്ങൾ |
| • ആശയപ്രകടനം കൂടുതലാക്കുക. | • വായനാമത്സരം സംഘടിപ്പിക്കുക | | ICT |
| • സംസ്കൃത ഭാഷയെ കൂടുതലറിയുക. | • കവിത, കഥാരചനകൾക്ക് പ്രത്യേക പ്രോൽസാഹനം നൽകുക. | | |
| • ഭാഷാ പഠനം സർഗാത്മകമാക്കുക. | | | |

ലക്ഷ്യം

CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠന ഉപകരണങ്ങൾ |
|---|---|---|---|
| • ഭാഷാശേഷി വർദ്ധിപ്പിക്കുക. | • ദിവസവും സംസ്കൃത വാർത്താ വായന | ജൂൺ മുതൽ മാർച്ച് വരെ | ICT<br>കഥാ കവിതാ പുസ്തകങ്ങൾ |
| • സർഗാത്മകമായി ഭാഷയെ ഉപയോഗിക്കുക. | • കഥകളുടെയും കവിതകളുടെയും അവതരണം. | | |
| • അർത്ഥപൂർണമായ വായന | • വായനാ മത്സരം സംഘടിപ്പിക്കൽ | | |
| • ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യ ഉപയോഗിക്കൽ | • ക്ലാസിലെ ആശയവിനിമയം സംസ്കൃതത്തിലാക്കുക. | | |
| • സംസ്കൃതത്തിൽ വായിക്കാനുള്ള സംസാരിക്കാനും ശേഷി വർദ്ധിപ്പിക്കുക. | • സംസ്കൃത സിനിമകളുടെയും മറ്റും പ്രദർശനം. | | |

CS CamScanner

# കായിക വിദ്യാഭ്യാസം

## ആമുഖം

പൊതുവായ ജീവിത ഗുണമേന്മകൊണ്ട് ഇന്ത്യക്ക് മുഴുവൻ മാതൃകയായ സംസ്ഥാന ാണ് കേരളം. ഈ നേട്ടത്തിന്റെ ഒരു കാരണം പൊതുജനാരോഗ്യ രംഗത്തെ മികവാണ്. സ്കൂൾതലം മുതൽ ആരോഗ്യ കായിക വിദ്യാഭ്യാസം നടപ്പിലാക്കുക വഴി കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു ചുവടുകൂടി മുന്നിലെത്തിയിരിക്കുകയാണ്. കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും ശാരീരികാരോഗ്യം വ്യക്തിയിലും പൊതു സമൂഹത്തിലും ഉറപ്പാക്കുക എന്നതാണ് കായികാരോഗ്യ പഠനത്തിന്റെ മുഖ്യലക്ഷ്യം. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വ്യായാമ മാണ് എന്ന് പൊതുസമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. കളികളിൽ പങ്കെടുക്കുകയും ആസ്വദി ക്കുകയും ചെയ്യുക വഴി നമ്മുടെ സമൂഹത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഐക്യവും സ്നേഹവും തിരിച്ചുപിടിക്കാൻ നമ്മളുടെ കുട്ടികൾക്ക് കഴിയട്ടെ. ഓർക്കുക "ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ"

## അവസ്ഥാ വിശകലനം

മുമ്പത്തേതിൽനിന്ന് വിഭിന്നമായി 'മികച്ച ജീവിത നിലവാരമുള്ള' കുട്ടികളാണ് നമ്മുടെ വിദ്യാലയത്തിലുള്ളത്. പക്ഷെ ഫാസ്റ്റ് ഫുഡ് സംസ്കാരം പോലെയുള്ള ശൈലികൾക്ക് പിന്നാലെ പായുന്നവരാണിവർ. അതുകൊണ്ടുതന്നെ ജീവിതശൈലീ രോഗങ്ങളെപ്പറ്റി അവബോധം നൽകേണ്ടത് അത്യാവശ്യമാണ്. ക്ലാസിനകത്തും പുറത്തും വെച്ച് ചെറുതും വലുതുമായ അപകടങ്ങൾ, അസുഖങ്ങൾ എന്നിവയ സാധാരണയാണ്. ഇതിന് പരിഹാര മെന്നോണം 'പ്രഥമ ശുശ്രൂഷ പെട്ടി' യിലേക്ക് വേണ്ടി കുടുതൽ മെറ്റീരിയൽസ് ശേഖരി ക്കണം. പ്രഥമ ശുശ്രൂഷ ക്ലാസുകൾ അനിവാര്യമാണ്.

പെരിന്തൽമണ്ണ - ചെർപ്പുളശ്ശേരി റോട്ടിൽ നിരവധി വാഹനങ്ങൾ ചീറിപ്പാഞ്ഞു വരുന്ന റോഡരികിലാണ് നമ്മുടെ വിദ്യാലയം. അതിനാൽ നമ്മുടെ കുട്ടികൾക്ക് അപകട ങ്ങൾ സംഭവിക്കാറുണ്ട്. റോഡ് സുരക്ഷ, ട്രാഫിക് നിയമങ്ങൾ എന്നിവയെപ്പറ്റി അവബോധം ഇല്ലാത്തവരാണ് നമ്മുടെ കുട്ടികൾ.

## അക്കാദമിക കാഴ്ചപ്പാട് രൂപീകരിക്കൽ

കുട്ടികളുടെ ഗൃഹാന്തരീക്ഷം, ഭക്ഷണ ശീലങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ക്ലാസ് ടീച്ചറുടെ സഹായത്തോടെ കണ്ടെത്തും. ഇവരുടെ ശാരീരിക-മാനസിക ആരോഗ്യ ത്തിന് ഉതകുന്ന രീതിയിലുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തും. പ്രത്യേക പരിഗ ണന അർഹിക്കുന്നവരുടെ ഗൃഹസന്ദർശനം നടത്തും. വ്യായാമത്തിന്റെയും കളികളുടെയും ആവശ്യകത ബോധ്യപ്പെടുത്തും. ' ശുചിത്വവും ആരോഗ്യവും' - ചാർട്ടുകൾ എല്ലാ ക്ലാസിലും പ്രദർശിപ്പിക്കും. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാൻ പ്രാപ്തരാക്കും.

റോഡ് സുരക്ഷ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അവബോധം ഉള്ളവരാക്കും.

പ്രഥമ ശുശ്രൂഷയെ കുറിച്ചും, ഘട്ടങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തും. ചാർട്ട് പ്രദർശിപ്പിക്കും. പ്രഥമ ശുശ്രൂഷ പെട്ടി ഒരുക്കും.

CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ലൈബ്രറി

,മുഖം

ജ്ഞാനനിർമ്മിതി വാദത്തിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതിയുടെ ധാരം. കുട്ടിയുടെ പഠനതാൽപര്യത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ം രൂപപ്പെടുത്തേണ്ടതാണ്. ഇതിൽ പുസ്തകങ്ങൾക്ക് വളരെ പ്രധാനപ്പെട്ട പങ്കു വഹി ാൻ സാധിക്കും.

വിവധ ഭാഷകളിലെ ഉള്ളടക്കപരമായ ധാരണ, വ്യവഹാരത്തിന്റെ ഘടന, ഭാഷാ ,മായ മികവ് എന്നീ ശേഷികൾ വികസിപ്പിച്ചെടുക്കാൻ പുസ്തകങ്ങൾക്ക് കഴിയും. കു ,ുടെ സർഗ്ഗാത്മകപരമായ വികസനത്തിന് ഇത് വഴി തെളിക്കുന്നു.

ഖല : അക്കാദമികം

മേഖല : ലൈബ്രറി

ഷ്യങ്ങൾ : കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക. ഭാഷാശേഷി വികസന ിനായി ആധുനിക സാങ്കേതി വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

### ,വസ്ഥാ വിശകലനം

വിദ്യാർത്ഥികൾക്ക് വായിക്കാൻ താൽപര്യം ഉണ്ടെങ്കിലും ലൈബ്രറി പുസ്തകങ്ങളുടെ റവ് ഇതിനെ ബാധിക്കുന്നു. നിശ്ചിത എണ്ണത്തിലധികം പുസ്തകങ്ങൾ ക്ലാസുകളിലേക്ക് ൽകാൻ സാധിക്കുന്നില്ല. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നവർ മാത്രമാണ്. സമീപ വായനശാലകളിൽ അംഗത്വമുള്ളവരും വളരെ ദുർലഭമാണ്.

### ക്കാദമിക കാഴ്ചപ്പാട് രൂപീകരിക്കൽ

ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കും. കുളിൽ പുസ്തകമേളകൾ സംഘടിപ്പിച്ച് അതിലൂടെ വിദ്യാർത്ഥികളെ ലൈബ്രറിയിലേക്ക് മ്മാനമായി പുസ്തകം നൽകാൻ പ്രേരിപ്പിക്കും. പരമാവധി വിദ്യാർത്ഥികളെ സമീപ യനശാലയിൽ അംഗത്വമെടുക്കാൻ പ്രേരിപ്പിക്കും.

### നകാര്യവിശകലനം

ചിലവ് : 500

ഇനം : വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള പുസ്തക കുറിപ്പുകൾ, പതിപ്പുകൾ ഇവ യ്യാറാക്കാൻ എ4 ഷീറ്റ്

സ്രോതസ്സ് : സ്റ്റാഫ്

ചിലവ് : 10000

ഇനം : ഡിജിറ്റൽ ലൈബ്രറി ഷെൽഫ് നിർമ്മാണം സി.ഡി. ക്രമീകരിക്കൽ

സ്രോതസ്സ് : സ്റ്റാഫ് - 5000, പഞ്ചായത്ത് - 5000

CS CamScanner